യഹോവ നല്ലവനെന്നു രുചിച്ചറിവിൻ
തന്നെ ശരണം പ്രാപിക്കുന്നോർ ഭാഗ്യവാന്മാർ } 2
നീതിമാന്മാരേ ഘോഷിച്ചുല്ലസിപ്പിൻ
നീതിയിൻ ദൈവം ജീവിക്കുന്നു } 2

യഹോവ......1

നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു
യഹോവ അവനെ വിടുവിച്ചീടുന്നു } 2
പകൽസമയം മേഘസ്തംഭമായി
രാത്രിവേളയിൽ അഗ്നിത്തൂണതായി
പരിചൊടുതൻ പരിചരണം
ചൊരിയും കൃപയിൻ വരദാനം

യഹോവ......1

അവങ്കലേയ്ക്ക് നോക്കിയോർ പ്രകാശിതരായി
അവർ മുഖം ഒരുനാളും ലജ്ജിക്കയില്ല } 2
ബാലസിംഹങ്ങൾ ഇര ലഭിച്ചിടാതെ
വിശന്നിരിക്കും വൻ കാടുകളിൽ
യഹോവയെ നാം അന്വേഷിക്കുകിൽ
നന്മകൾ ഒന്നും കുറയുകില്ല

യഹോവ.....2 നീതി......2

യഹോവ......1